സൂറഃ-7

# അൽ അഅ്റാഫ്

۞ وَإِذْ نَتَقْنَا ٱلْجَبَلَ فَوْقَهُمْ كَأَنَّهُۥ ظُلَّةٌ وَظَنُّوٓا۟ أَنَّهُۥ وَاقِعٌۢ
بِهِمْ خُذُوا۟ مَآ ءَاتَيْنَٰكُم بِقُوَّةٍ وَٱذْكُرُوا۟ مَا فِيهِ لَعَلَّكُمْ تَتَّقُونَ ﴿١٧١﴾

**171.** നാം പർവതത്തെ ഇളക്കി അവർക്കുമീതെ കുടയെന്നോണം പിടിക്കുകയും, അതിപ്പോൾ തങ്ങളുടെ മേൽ വീഴുമെന്ന് അവർക്കു തോന്നുകയും ചെയ്തതുകൂടി പ്രവാചകൻ അവരെ ഓർമിപ്പിക്കുക. ആ സന്ദർഭത്തിൽ അവരോട് കൽപിച്ചു: നാം നൽകുന്ന വേദം മുറുകെ പിടിക്കുവിൻ, അതിലുള്ള പ്രമാണങ്ങൾ പഠിക്കുവിൻ; നിങ്ങൾ അധർമങ്ങളും അനാചാരങ്ങളും വെടിയുന്നവരാകാൻ.

وَإِذْ أَخَذَ رَبُّكَ مِنۢ بَنِىٓ ءَادَمَ مِن ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ
عَلَىٰٓ أَنفُسِهِمْ أَلَسْتُ بِرَبِّكُمْ ۖ قَالُوا۟ بَلَىٰ ۛ شَهِدْنَآ ۛ أَن تَقُولُوا۟ يَوْمَ ٱلْقِيَٰمَةِ
إِنَّا كُنَّا عَنْ هَٰذَا غَٰفِلِينَ ﴿١٧٢﴾

**172.** നിന്റെ നാഥൻ ആദമിന്റെ മക്കളിൽനിന്ന്, അവരുടെ ഉരസ്സുകളിൽനിന്ന് അവരുടെ സന്തതികളെ എടുത്ത്, അവർക്കുതന്നെ അവരെ സാക്ഷികളാക്കിക്കൊണ്ട് ചോദിച്ചതോർക്കുക: ഞാനല്ലയോ നിങ്ങളുടെ വിധാതാവ്? അവർ പറഞ്ഞു: തീർച്ചയായും അതെ, ഞങ്ങളുടെ വിധാതാവ് നീ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു. ഇപ്രകാരം സാക്ഷ്യം വഹിപ്പിച്ചത്, ഉയിർത്തെഴുന്നേൽപുനാളിൽ ഞങ്ങൾ ഇതേക്കുറിച്ചജ്ഞരായിരുന്നു എന്ന് നിങ്ങൾ പറയാതിരിക്കേണ്ടതിനാകുന്നു.

أَوْ تَقُولُوٓا۟ إِنَّمَآ أَشْرَكَ ءَابَآؤُنَا مِن قَبْلُ وَكُنَّا ذُرِّيَّةً مِّنۢ بَعْدِهِمْ ۖ أَفَتُهْلِكُنَا
بِمَا فَعَلَ ٱلْمُبْطِلُونَ ﴿١٧٣﴾

**173.** അല്ലെങ്കിൽ ഇങ്ങനെ ചോദിക്കാതിരിക്കാൻ; ബഹുദൈവാരാധന ഞങ്ങളുടെ പിതാക്കൾ പണ്ടേതന്നെ ആചരിച്ചുവന്നതാണ്. ഞങ്ങളാവട്ടെ അവരുടെ പിൽക്കാല സന്തതികൾ മാത്രം. ആ അന്ധവിശ്വാസികൾ ചെയ്ത കുറ്റത്തിന് ഞങ്ങളെ ശിക്ഷിക്കുകയോ?!

وَإِذْ = (ഇതുകൂടി പ്രവാചകൻ അവരെ) ഓർമിപ്പിക്കുക نَتَقْنَا = നാം പറിച്ചു, ഇളക്കിയെടുത്തു ٱلْجَبَلَ = പർവതത്തെ

فَوْقَهُمْ = അവർക്കുമീതെ كَأَنَّهُۥ ظُلَّةٌ = അത് ഒരു കുടയെന്നോണം (പിടിക്കുകയും ചെയ്തത്)

وَظَنُّوٓا۟ = അവർക്കു തോന്നുകയും ചെയ്തു أَنَّهُۥ وَاقِعٌۢ بِهِمْ = (അതിപ്പോൾ) അവരുടെ മേൽ വീഴുമെന്ന്, സംഭവിക്കുന്നതാണെന്ന്

خُذُوا۟ = (ആ സന്ദർഭത്തിൽ നാം അവരോട് കൽപിച്ചു) പിടിക്കുവിൻ مَآ ءَاتَيْنَٰكُم = നാം നിങ്ങൾക്ക് നൽകിയത് (നൽകുന്ന വേദം)

بِقُوَّةٍ = മുറുകെ, ശക്തിയായി وَٱذْكُرُوا۟ = സ്മരിക്കുവിൻ, പഠിക്കുവിൻ مَا فِيهِ = അതിലുള്ളത് (പ്രമാണങ്ങൾ)

لَعَلَّكُمْ تَتَّقُونَ = നിങ്ങൾ ഭക്തിയുള്ളവരാകാൻ (അധർമങ്ങളും അനാചാരങ്ങളും വെടിയുന്നവരാകാൻ)

وَإِذْ = ഓർക്കുക أَخَذَ رَبُّكَ = നിന്റെ നാഥൻ എടുത്തു(ത്തത്) مِنۢ بَنِىٓ ءَادَمَ = ആദമിന്റെ മക്കളിൽനിന്ന്

مِـن ظُهُـورِهِمۡ = അവരുടെ മുതുകു(ഉരസ്സു)കളിൽനിന്ന് (അഥവാ) ذُرِّيَّتَهُـمۡ = അവരുടെ സന്തതികളെ

وَأَشۡـهَدَهُمۡ = (അവരെ സാക്ഷികളാക്കുകയും ചെയ്തു(കൊണ്ട്) عَلَـىٰٓ أَنفُسِـهِمۡ = അവർക്കു(രുടെ മേൽ)തന്നെ أَلَسۡـتُ = ഞാനല്ലയോ

بِـرَبِّكُمۡۖ = നിങ്ങളുടെ വിധാതാവ് قَـالُواْ = അവർ പറഞ്ഞു بَلَـىٰۛ = തീർച്ചയായും അതെ

شَـهِدۡنَآۛ = ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു

أَن تَقُولُـواْ = (ഇപ്രകാരം സാക്ഷ്യം വഹിപ്പിച്ചത്) നിങ്ങൾ പറയുന്ന (യാതിരിക്കേണ്ട)തിനാകുന്നു

يَوۡمَ ٱلۡقِيَـٰمَةِ = ഉയിർത്തെഴുന്നേൽപുനാളിൽ إِنَّا كُنَّا = ഞങ്ങൾ ആയിരുന്നു عَنۡ هَـٰذَا = ഇതേക്കുറിച്ച് غَـٰفِلِينَ = അജ്ഞർ, അശ്രദ്ധർ

أَوۡ تَقُولُوٓاْ = (അല്ലെങ്കിൽ നിങ്ങൾ പറയുന്നതിന് (ഇങ്ങനെ ചോദിക്കാതിരിക്കാൻ)

إِنَّمَآ أَشۡـرَكَ = പങ്കുചേർത്തു (ബഹുദൈവാരാധന ആചരിച്ചുവന്നത് ആയിരുന്നു) ءَابَآؤُنَا = ഞങ്ങളുടെ പിതാക്കൾ

مِن قَبۡلُ = മുമ്പ്, പണ്ടേതന്നെ وَكُنَّا = ഞങ്ങൾ ആയിരുന്നു ذُرِّيَّةً = സന്തതികൾ مِّـنۢ بَعۡـدِهِمۡۖ = അവർക്കുശേഷം (പിൽക്കാല)

أَفَتُهۡلِكُنَا = നീ ഞങ്ങളെ നശിപ്പി(ശിക്ഷി)ക്കുകയോ بِمَا فَعَـلَ = ചെയ്തതി(കുറ്റത്തി)ന്

ٱلۡمُبۡطِلُونَ = അസത്യം ചെയ്യുന്നവർ, അന്ധവിശ്വാസികൾ

**171:** ഈ സൂക്തം പരാമർശിക്കുന്ന സംഭവം നേരത്തേ *അൽബഖറ* 63, 93, *അന്നിസാഅ്* 154 സൂക്തങ്ങളിൽ പരാമർശിച്ചിട്ടുള്ളതാണ്. *അൽബഖറ* 63-ാം സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* അതു വിശദീകരിച്ചിരിക്കുന്നു. വേദത്തെ മുറുകെ പിടിക്കുന്നതിനെ കുറിച്ചാണല്ലോ കഴിഞ്ഞ സൂക്തത്തിൽ പറഞ്ഞത്. തുടർന്ന്, മൂസാ നബിക്ക് വേദം നൽകിയപ്പോൾ അത് മുറുകെ പിടിച്ചുകൊള്ളാമെന്ന് ഇസ്രാഈല്യർ പ്രതിജ്ഞ ചെയ്തിരുന്നത് അനുസ്മരിക്കുകയാണ്. പർവതത്തെ ഇളക്കിയുയർത്തി ഇപ്പോൾ അതു തലയിൽ വീണേക്കുമെന്ന പ്രതീതിയുളവാക്കിയാണ് ഈ പ്രതിജ്ഞ വാങ്ങിയതെന്നത് അതിന്റെ അപാരമായ ഗൗരവത്തെയും മഹത്വത്തെയും സൂചിപ്പിക്കുന്നു. ബൈബിൾ ഈ സംഭവം വിവരിക്കുന്നതിങ്ങനെയാണ്: "കനത്ത മേഘം മലമുകളിൽ പ്രത്യക്ഷപ്പെട്ടു. അത്യുച്ചത്തിൽ കാഹളം മുഴങ്ങി. കൂടാരത്തിൽ ഉണ്ടായിരുന്ന ജനമെല്ലാം ഭയന്നുവിറച്ചു. അപ്പോൾ മോശെ ദൈവത്തെ ദർശിക്കാൻ ജനങ്ങളെ കൂടാരത്തിൽനിന്ന് പുറത്തുകൊണ്ടുവന്നു. അവർ പർവതത്തിന്റെ അടിവാരത്തിൽനിന്നു. സീനായ് പർവതം പുകകൊണ്ട് മൂടിയിരുന്നു. എന്തെന്നാൽ കർത്താവ് അഗ്നിയിലൂടെയാണ് അതിന്മേൽ ഇറങ്ങിയത്. അതിന്റെ പുക ചൂളയിലെ പുകപോലെ ഉയർന്നു. പർവതം മുഴുവൻ വല്ലാതെ കുലുങ്ങുകയും ചെയ്തു. കാഹളത്തിന്റെ ശബ്ദം കൂടുതൽ കൂടുതൽ ഉച്ചത്തിലായപ്പോൾ മോശെ ചോദിക്കയും ദൈവം ഇടിമുഴക്കത്തിലൂടെ മറുപടി നൽകുകയും ചെയ്തു" (പുറപ്പാട് 19: 16–19).

ഇത് വേദസ്വീകരണ വേളയിൽ ഇസ്രാഈല്യർക്കനുഭവപ്പെട്ട ഭീതിജനകമായ അന്തരീക്ഷത്തെ മറ്റൊരു വിധത്തിൽ വർണിച്ചതാവാം. ദൈവത്തിന്റെ കൽപനകൾ അഥവാ തോറാ സ്വീകരിക്കാൻ മോശെ ജനങ്ങളെ കൊണ്ടുവന്നതിനെ ദൈവത്തെ ദർശിക്കാൻ കൊണ്ടുവന്നു എന്ന് പരാമർശിച്ചത് പിന്നീടുണ്ടായ ഭേദഗതിയാവാനാണ് സാധ്യത. കർത്താവ് അഗ്നിയിലൂടെ ഇറങ്ങി എന്നുപറയുന്നത് ഒന്നുകിൽ അല്ലാഹുവിന്റെ തേജസ്സ് പർവതത്തിലുളവായതിനെക്കുറിച്ചാകാം, അല്ലെങ്കിൽ പത്തുകൽപനയടങ്ങിയ ഫലകങ്ങൾ അഗ്നിമയമായി ഇറങ്ങിയതിനെക്കുറിച്ചാവാം.

പർവതം ഉയർത്തിയ സംഭവത്തെ *അൽബഖറ*യിലെയും *അന്നിസാഇ*ലെയും സൂക്തങ്ങൾ പരാമർശിച്ചിട്ടുള്ളത്, ഇസ്രാഈല്യരും അല്ലാഹുവും തമ്മിലുള്ള ഉടമ്പടിയുമായി ബന്ധപ്പെടുത്തിയാണ്. ഉദാ: وَرَفَعۡنَـا فَـوۡقَهُمُ ٱلطُّـورَ بِمِيثَـٰقِهِـمۡ (നാം പർവതത്തെ അവർക്കുമീതെ ഉയർത്തിക്കൊണ്ട് പ്രതിജ്ഞ വാങ്ങിയിട്ടുണ്ടായിരന്നു - 4:154). وَإِذۡ أَخَذۡنَا مِيثَـٰقَكُمۡ وَرَفَعۡنَا فَوۡقَكُمُ ٱلطُّورَ (നിങ്ങൾക്കുമീതെ ത്വൂർപർവതം ഉയർത്തിക്കൊണ്ട് പ്രതിജ്ഞ വാങ്ങിയതോർക്കുക - 2: 63). ഇപ്പറഞ്ഞ ഉടമ്പടി (ميثاق) കൊണ്ടുദ്ദേശിക്കുന്നതെന്താണെന്ന് ഈ സൂക്തം വ്യക്തിമാക്കിത്തരുന്നു. അത് അല്ലാഹു നൽകിയതിനെ മുറുകെ പിടിക്കും എന്നായിരുന്നു. അല്ലാഹു നൽകിയത് എന്താണെന്ന് وَٱذۡكُرُواْ مَا فِيهِ لَعَلَّكُمۡ تَتَّقُونَ എന്ന വാക്യത്തിൽനിന്ന് വിശദമാകുന്നു.

ശക്തിയോടെ, മുറുകെ - بِقُوَّةٍ - പിടിക്കുക എന്നതിന് രണ്ട് താൽപര്യമുണ്ട്. ഒന്ന്, ദൃഢമായ വിശ്വാസത്തോടും കണിശമായ പ്രതിബദ്ധതയോടും കൂടി സ്വീകരിക്കുക. രണ്ട്, നിങ്ങളുടെ ദൈവഭക്തിയെയും ധാർമികബോധത്തെയും വളർത്തുന്നതും അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും തടയുന്നതും ആയ ശക്തിയായി അതിനെ സ്വാംശീകരിക്കുക. أُذۡكُرُواْ എന്ന പദം ഓർക്കുക, ആവർത്തിച്ചുരുവിട്ടു പഠിക്കുക, ഭജിക്കുക എന്നീ അർഥങ്ങളിൽ ഉപയോഗിക്കുന്ന ذكر-ന്റെ ബഹുവചന കൽപനാ (أمر) രൂപമാണ്. വേദത്തിന്റെ ഉള്ളടക്കം (مَا فِيهِ) വേദപ്രമാണങ്ങളാണ്. تقوى-ക്ക് ധർമാനുഷ്ഠാനവും അധർമവർജനവും എന്നും അർഥമുണ്ട്. അതാണ് ഇവിടെ സന്ദർഭോചിതം.

വേദം സ്വീകരിക്കുകയെന്നാൽ മനുഷ്യൻ അല്ലാഹുവുമായി ഉടമ്പടിയിലേർപ്പെടുകയാണ്. വേദശാസനകൾ നിഷ്ഠയോടെ അനുസരിച്ചുകൊള്ളാമെന്നാണ് ആ ഉടമ്പടി. അതു പാലിക്കപ്പെടുന്നതിലൂടെയാണ് മനുഷ്യർ ധർമനിഷ്ഠരും സച്ചരിതരുമായിത്തീരുന്നത്. ഇത് ഇസ്രാഈല്യരുടെ കാര്യത്തിൽ മാത്രമല്ല ഖുർആൻ അടക്കമുള്ള എല്ലാ വേദത്തിന്റെയും വാഹകരുടെ കാര്യത്തിൽ സാധുവാകുന്നു. ഖുർആനിൽ വിശ്വസിക്കുന്നതിലൂടെ മുസ്‌ലിംകളും അല്ലാഹുവുമായി ഈ ഉടമ്പടി ചെയ്തിട്ടുണ്ട്. അതു ലംഘിക്കപ്പെട്ടാൽ ഇസ്രാഈല്യർ നേരിട്ട പരിണതികൾ തന്നെയാണ് അവരും നേരിടുക. അക്കാര്യം ഉദ്ബോധിപ്പിക്കാൻ കൂടിയാണ് ഖുർആൻ ഈ ഉടമ്പടിയെ ആവർത്തിച്ച് അനുസ്മരിക്കുന്നത്. ഇതോടെ ഈ സൂറയിലെ ഇസ്രാഈലീ ചരിത്രകഥനം അവസാനിച്ചിരിക്കുന്നു.

**172:** ഓരോരോ സമുദായങ്ങളും അല്ലാഹുവും തമ്മിൽ അതതുകാലങ്ങളിൽ വേദങ്ങളും പ്രവാചകന്മാരും മുഖേന ഉണ്ടാ

ക്കിയ ഉടമ്പടികളെക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. ഇനി അനുസ്മരിപ്പിക്കുന്നത്, ആ ഉടമ്പടികൾക്കെല്ലാം ആധാരമായിട്ടുള്ള, മനുഷ്യാസ്തിത്വം ഉരുവംകൊള്ളുന്ന ഘട്ടത്തിൽ, കാലത്തിന്റെ തുടക്കത്തിൽ ഓരോ വ്യക്തിയും അല്ലാഹുവും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ കാര്യമാണ്. ദൈവിക സിംഹാസനം ജലോപരിയായിരിക്കെ, സൃഷ്ടിയും വിധിനിശ്ചയവും നടത്തിയപ്പോൾ തന്നെയാണ് അല്ലാഹു പ്രവാചകന്മാരിൽനിന്നും ആദം മക്കളിൽനിന്നും ഈ പ്രതിജ്ഞയെടുത്തതെന്ന് പ്രവാചകൻ പ്രസ്താവിച്ചതായി അബൂ ഉമാമയിൽനിന്ന് ഇബ്നു മർദവൈഹി ഉദ്ധരിക്കുന്നുണ്ട്. പ്രകൃത സൂക്തം സൂചിപ്പിക്കുന്ന ഉടമ്പടിപ്രക്രിയ അക്ഷരാർഥത്തിൽ നടന്നതാണോ അതല്ല, അത് ഒരഭൗമിക പ്രതിഭാസത്തിന്റെ ഭൗതിക ചിത്രീകരണമാണോ എന്നുറപ്പിച്ചു പറയാനാവില്ല. ആദം ഭൂമിയിലെത്തിയ ശേഷം അറഫയോട് ചേർന്ന് കിടക്കുന്ന നുഅ്മാൻ സമതലത്തിൽവെച്ച് ഒരു അറഫാ നാളിലാണ് അത് നടന്നതെന്ന് ചില നിവേദനങ്ങളിൽ പറയുന്നു. അധിക നിവേദനങ്ങളും പറയുന്നത് ആദമിന്റെ സൃഷ്ടിവേളയിൽ നടന്നുവെന്നാണ്. ഭൗതിക മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിനുമുമ്പ് ആത്മാവസ്ഥയിലുള്ള മനുഷ്യർക്കും അല്ലാഹുവിനും ഇടയിൽ നടന്ന ഒരു അഭൗമിക സംഗതിയുടെ മനോഹരമായ ചിത്രീകരണമാണിതെന്ന വീക്ഷണത്തെയാണ് ആധുനിക ഖുർആൻ വ്യാഖ്യാതാക്കൾ പിന്തുണക്കുന്നത്.

ഇതിന്റെ വിശദീകരണമായി പ്രവാചകനിലേക്ക് ചേർത്തും അല്ലാതെയും ധാരാളം നിവേദനങ്ങൾ വന്നിട്ടുണ്ട്. ബൈഹഖി *അൽ അസ്മാഉ വസ്സിഫാത്തിലും* ഇബ്നു അസാകിർ *താരീഖിലും* ഉബയ്യുബ്നു കഅ്ബിൽനിന്നുദ്ധരിക്കുന്ന ഒരു നിവേദനത്തിൽ പറയുന്നു: "അല്ലാഹു എല്ലാവരെയും അവരുടെ രൂപത്തിലുള്ള ആത്മാവുകളാക്കി. അനന്തരം അവയോട് സംസാരിക്കാൻ കൽപിച്ചപ്പോൾ അവ സംസാരിച്ചു. പിന്നെ അവരിൽനിന്ന് കരാറും പ്രതിജ്ഞയും വാങ്ങി. അതാണ് 'അവർക്കുതന്നെ അവരെ സാക്ഷികളാക്കി' എന്നുപറഞ്ഞത്. അല്ലാഹു പറഞ്ഞു: സപ്തവാനങ്ങളെ ഞാൻ നിങ്ങൾക്കു സാക്ഷികളാക്കിയിരിക്കുന്നു. നിങ്ങളുടെ പിതാവ് ആദമിനെയും നിങ്ങൾക്കു സാക്ഷിയാക്കിയിരിക്കുന്നു. ഉയിർത്തെഴുന്നേൽപുനാളിൽ നിങ്ങൾ പറയാതിരിക്കാൻ; 'ഇക്കാര്യം ഞങ്ങൾ അറിഞ്ഞിട്ടില്ലായിരുന്നു' എന്ന്. അറിയുവിൻ: ഞാനല്ലാതെ ദൈവമേതുമില്ല. യാതൊന്നിനെയും നിങ്ങൾ എന്റെ പങ്കാളിയാക്കരുത്. ഞാൻ എന്റെ ദൂതന്മാരെ ഈ കരാറും പ്രതിജ്ഞയും ഓർമിപ്പിക്കാൻ നിങ്ങളിലേക്കയക്കും. നിങ്ങൾക്ക് വേദമിറക്കിത്തരികയും ചെയ്യും. അപ്പോൾ അവർ പറഞ്ഞു: നീ ഞങ്ങളുടെ വിധാതാവും ദൈവവുമാണെന്നും നീയല്ലാതെ ഞങ്ങൾക്ക് വേറെ വിധാതാവും ദൈവവുമില്ലെന്നും ഞങ്ങളിതാ സാക്ഷ്യം വഹിച്ചിരിക്കുന്നു. അങ്ങനെ അവരത് സ്വയം സമ്മതിച്ചു. അവൻ ആദമിനെ അവർക്കുമീതെ ഉയർത്തി. അദ്ദേഹം അവരെ വീക്ഷിച്ചു. അദ്ദേഹം സമ്പന്നനെയും ദരിദ്രനെയും അതിസുന്ദരനെയും സൗന്ദര്യക്ഷതമുള്ളവനെയും കണ്ടു. ആദം ചോദിച്ചു: നാഥാ, നിന്റെ ദാസന്മാരെ തുല്യരാക്കാതിരുന്നതെന്ത്? അവൻ പറഞ്ഞു: ഞാൻ നന്ദി പ്രകടിപ്പിക്കപ്പെടാൻ ഇഷ്ടപ്പെടുന്നു. ആദം പ്രവാചകന്മാരെ നോക്കിയപ്പോൾ അവരിൽ ചിലർ ദീപം പോലെ ശോഭിക്കുന്നതായി കണ്ടു. പ്രവാചകന്മാരും ദൈവദൂതന്മാരും അവർ ഏൽപിക്കപ്പെട്ട സന്ദേശം ജനങ്ങൾക്ക് എത്തിക്കുമെന്ന് പ്രത്യേകം പ്രതിജ്ഞ ചെയ്തു: 'പ്രവാചകന്മാരിൽനിന്ന് നാം അവരുടെ പ്രതിജ്ഞ വാങ്ങിയത്' എന്ന് *സൂറഃ അഹ്സാബ്* 7-ാം സൂക്തത്തിൽ സൂചിപ്പിക്കുന്നത് അതാണ്. *അർറൂം* 30-ാം സൂക്തത്തിൽ 'മനുഷ്യരെ സൃഷ്ടിച്ചിട്ടുള്ള, അല്ലാഹുവിന്റെ പ്രകൃതി' എന്നു പറഞ്ഞതും *അൽ അഅ്റാഫ്* 102-ാം സൂക്തത്തിൽ 'അവരിലധിക പേരിലും യാതൊരു പ്രതിജ്ഞാബദ്ധതയും നാം കണ്ടില്ല, എന്നല്ല അധികം പേരെയും പാപികളായാണ് കണ്ടത്' എന്നും *അൽഅഅ്റാഫ്* 101-ാം സൂക്തത്തിൽ 'നേരത്തേ നിഷേധിച്ചിട്ടുള്ളതിൽ അവർ വിശ്വസിക്കുന്നവരായിരുന്നില്ല' എന്നും പ്രസ്താവിച്ചിട്ടുള്ളത്. ആരാണ് നിഷേധിക്കുക എന്നും ആരാണ് സത്യപ്പെടുത്തുക എന്നും അന്ന് അല്ലാഹുവിന്റെ ജ്ഞാനത്തിൽ ഉണ്ടായിരുന്നു. ഈസായുടെ ആത്മാവുമുണ്ടായിരുന്നു, ആദമിന്റെ കാലത്ത് അല്ലാഹു കരാറും പ്രതിജ്ഞയും വാങ്ങിയവരുടെ കൂട്ടത്തിൽ. പിന്നെ അല്ലാഹു അതിനെ മനുഷ്യരൂപത്തിൽ മർയമിലേക്കയച്ചു. അവർക്ക് ആ ആത്മാവ് ഒരു ഒത്ത മനുഷ്യനായി പ്രത്യക്ഷപ്പെട്ടു. അവരുടെ വായിലൂടെ അത് ഉള്ളിൽ പ്രവേശിച്ചു."

ചില നിവേദനങ്ങളിൽ പറയുന്നു: 'അല്ലാഹു ആദമിന്റെ മുതുകിൽ തടവിയപ്പോൾ കുറേ സന്തതികൾ പുറത്തുവന്നു. അവർ സ്വർഗമർഹിക്കുന്ന കർമങ്ങളനുഷ്ഠിച്ച് സ്വർഗസ്ഥരാകാൻ വേണ്ടിയാണവരെ സൃഷ്ടിച്ചതെന്ന് പറഞ്ഞ ശേഷം അല്ലാഹു വീണ്ടും ആദമിന്റെ മുതുകിൽ തടവി. അപ്പോഴും കുറേ സന്തതികൾ പുറത്തുവന്നു. നരകാർഹമായ കർമങ്ങളനുഷ്ഠിച്ച് നരകസ്ഥരാവാൻ സൃഷ്ടിച്ചതാണവരെ എന്നും അല്ലാഹു പറഞ്ഞു.

പ്രകൃത സൂക്തത്തിന്റെയും അതിന്റെ വിശദീകരണമായി വന്ന നിവേദനങ്ങളുടെയും പദങ്ങളിൽനിന്ന് ഒരു സംഗതി അസന്ദിഗ്ധമായി വ്യക്തമാകുന്നു; ഭൂമിയിൽ ജനിക്കാനിരിക്കുന്ന സകല മനുഷ്യരെയും സൂക്ഷ്മരൂപത്തിൽ അല്ലാഹു ആദമിന്റെ ഉരസ്സിൽ ആദ്യമേ സൃഷ്ടിച്ചുവെച്ചിരുന്നു. ആദം മക്കളുടെ മുതുകുകളിൽനിന്ന് സന്തതികളെ പുറത്തെടുത്തു എന്ന് പറയുമ്പോൾ ഓരോ തലമുറയിൽനിന്നും ക്രമാനുഗതമായി അതിന്റെ പിൻതലമുറയെ ഉളവാക്കിക്കൊണ്ട് മനുഷ്യകുലത്തെ മുഴുവനായി പുറത്തെടുക്കുന്ന ചിത്രമാണ് മനസ്സിലുണരുന്നത്. ജീവികളുടെ ആദി തലമുറകൾ അതിന്റെ പിൻതലമുറകളുടെ എല്ലാ സ്വഭാവഗുണങ്ങളോടും കൂടിയ ബീജം ഉൾക്കൊള്ളുന്നുവെന്ന് ജനിതക ശാസ്ത്രത്തിന്റെ മുന്നേറ്റവും ഡി.എൻ.എയുടെ കണ്ടുപിടിത്തവും ഭൗതികശാസ്ത്രപരമായിത്തന്നെ തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ആദിപിതാവ് ആദമിന്റെ ഉരസ്സിൽ മൃതമായിക്കിടന്ന, പിൻതലമുറകളുടെ സൂക്ഷ്മ ബീജങ്ങൾ ഒരിക്കൽ അഭൗതിക ലോകത്തുവെച്ച് ജീവൻ പ്രാപിക്കുകയും അല്ലാഹുവിനോട് ചില ഉടമ്പടികളുറപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് ഇവിടെ ഉണർത്തുന്നത്. ആ ജീവിതത്തിന്റെയും ഉടമ്പടിയുടെയും യഥാതഥമായ രൂപം നമ്മുടെ ഭൗതികമായ സ്മരണാ മണ്ഡലത്തിലില്ല. എങ്കിലും ഒരഭൗതിക രഹസ്യമായി അത് നമ്മുടെ ആത്മാവിൽ നിലകൊള്ളുന്നുണ്ട്. നിഷ്കളങ്കരായ ആത്മാന്വേഷകർക്ക് ഒരളവോളം അത് കണ്ടെത്താനാവുകയും ചെയ്യും. എന്നാൽ ഏറ്റവും പൂർണവും ശരിയുമായ രൂപത്തിൽ കണ്ടെത്താൻ അതിനെ ആത്മാവിൽ ഉള്ളടക്കിയ അല്ലാഹുവിന്റെ സഹായം കൂടിയേ തീരൂ. പ്രവാചക നിയോഗത്തിലൂടെയും വേദാവതരണത്തിലൂടെയും അല്ലാഹു നമുക്ക് നൽകുന്നത് ഈ സഹായമാണ്. അതുകൊണ്ടാണ് ഖുർആൻ പലയിടത്തും പ്രവാചകനെ ഓർമിപ്പിക്കുന്നവൻ (مذكر) എന്നും വേദത്തെ അനുസ്മരണം (ذكر) എന്നും വ്യവഹരിക്കുന്നത്. നേരത്തേ മനസ്സിലുണ്ടായിരുന്നതും പിന്നീട് മാഞ്ഞോ മറഞ്ഞോ പോയിട്ടുള്ളതുമായതിനെ വീണ്ടും ജ്ഞാനമണ്ഡലത്തിലേക്ക് തിരിച്ചുകൊണ്ടുവരികയാണല്ലോ അനുസ്മരണം (ذكر).

പൂർവജീവിതത്തെയും അതിൽ അല്ലാഹുവിനോട് ചെയ്ത ഉടമ്പടിയെയും സംബന്ധിച്ച പ്രവാചകന്മാരുടെ

ഓർമപ്പെടുത്തലുകളെ തള്ളിക്കളഞ്ഞവർ പരലോകത്തുവെച്ച് അത് ശരിക്കും ഓർക്കുക തന്നെ ചെയ്യും. ഖുർആൻ 40:11-ൽ സത്യനിഷേധികൾ പരലോകത്ത് വിലപിക്കുന്നതായി ഉദ്ധരിക്കുന്നു:

قَالُوا رَبَّنَا أَمَتَّنَا اثْنَتَيْنِ وَأَحْيَيْتَنَا اثْنَتَيْنِ فَاعْتَرَفْنَا بِذُنُوبِنَا فَهَلْ إِلَىٰ خُرُوجٍ مِّن سَبِيلٍ ﴿١١﴾

(അവർ വിലപിക്കുന്നു: നാഥാ നീ ഞങ്ങളെ രണ്ടുവട്ടം മരിപ്പിച്ചു. രണ്ടുവട്ടം ജീവിപ്പിക്കുകയും ചെയ്തു. ഞങ്ങളിതാ ഞങ്ങളുടെ കുറ്റങ്ങൾ ഏറ്റുപറയുന്നു. ഇനി ഞങ്ങൾക്ക് മോചനം നേടാൻ വല്ല വഴിയുമുണ്ടോ?) ഇവിടെ പറയുന്ന ആദ്യത്തെ മരണം, ആദമിന്റെ ഉരസ്സിലുളവായി ജീവൻ പ്രാപിച്ച് അല്ലാഹുവുമായി ഉടമ്പടി ചെയ്തശേഷം ഭൂമിയിൽ ഭൗതിക ജന്മം പ്രാപിക്കുന്നതുവരെയുള്ള മൃതാവസ്ഥയാണ്. മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവല്ലാതെ കഴിഞ്ഞുപോയ കാലം- حِينٌ مِّنَ الدَّهْرِ لَمْ يَكُن شَيْئًا مَّذْكُورًا (76:1)

എല്ലാ മനുഷ്യസന്തതികളിൽനിന്നും അല്ലാഹു കരാറും വാങ്ങിയിട്ടുണ്ട്. ഇതിൽ കുറേ സന്തതികൾ ശൈശവത്തിലും ബാല്യത്തിലും മരിച്ചുപോകുന്നുണ്ടല്ലോ. കരാർ ലംഘിക്കാനോ പാലിക്കാനോ അവസരം കിട്ടാത്തവരുടെ പാരത്രിക വിധി എന്തായിരിക്കുമെന്നതുസംബന്ധിച്ച് ഇബ്നു അബ്ബാസിനെ പോലുള്ള വ്യാഖ്യാതാക്കളുടെ വീക്ഷണം ഇതാണ്: കരാറിനു രണ്ടവസ്ഥയുണ്ട്. ഒന്ന്, മനുഷ്യൻ ഭൗതിക ലോകത്തെ ബോധജീവിതത്തിലെത്തും മുമ്പുള്ള അവസ്ഥ. ബോധപൂർവം കരാർ പാലിക്കാനോ ലംഘിക്കാനോ സാധ്യമല്ലാത്ത അവസ്ഥയാണിത്. അതോടൊപ്പം അബോധമായി, കരാർ പാലിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയുമാണ്. وَلَهُ أَسْلَمَ مَن فِي السَّمَاوَاتِ وَالْأَرْضِ طَوْعًا وَكَرْهًا (ആകാശഭൂമികളിലുള്ളവരൊക്കെയും സ്വമേധയാലോ അല്ലാതെയോ അവനെ അനുസരിച്ചിരിക്കുന്നു- 3:83) എന്നു പ്രസ്താവിച്ചതിൽ അവരും ഉൾപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ആ നിലയിൽ അവർ കരാർ പാലിച്ചവരാകും. ബോധപൂർവം കരാർ പാലിക്കേണ്ട ഭൗതിക ജീവിതമാണ് രണ്ടാമത്തെ അവസ്ഥ. ഭൗതികജീവിതത്തിന് അവസരം ലഭിക്കാത്തവർക്ക് ഒന്നാമത്തെ അവസ്ഥയിലെ കരാർപാലനം പരലോകത്ത് പ്രയോജനം ചെയ്യും. എന്നാൽ ഭൗതികജീവിതത്തിനു അവസരം ലഭിച്ചവർ ആ ജീവിതത്തിൽ കരാർ പാലിക്കാതിരുന്നാൽ, ഒന്നാമത്തെ അവസ്ഥയിലെ കരാർ പാലനം പരലോകത്ത് അവർക്ക് പ്രയോജനപ്പെടുകയില്ല. 'ഓരോ ശിശുവും ശുദ്ധപ്രകൃതിയിൽ ജനിക്കുന്നു, മാതാപിതാക്കൾ അവനെ ജൂതനോ ക്രിസ്ത്യാനിയോ ആക്കുന്നു' എന്ന പ്രസിദ്ധമായ നബിവചനവും ഈ വീക്ഷണത്തെ ബലപ്പെടുത്തുന്നുണ്ട്. ഒരു യുദ്ധവേളയിൽ ശത്രുഭടന്മാരെ നിഗ്രഹിച്ച ശേഷം മുസ്‌ലിം യോദ്ധാക്കൾ അവരുടെ കുട്ടികളുടെ നേരെ തിരിഞ്ഞപ്പോൾ നബി(സ) ആ നീക്കത്തെ കഠിനമായി അപലപിച്ചുകൊണ്ട് വിലക്കുകയുണ്ടായി. ശത്രുക്കളുടെ കുട്ടികൾ ഇത്ര പരിഗണനയർഹിക്കുന്നുണ്ടോ എന്നു ചോദിച്ച ശിഷ്യന്മാരോട് തിരുമേനിയുടെ മറുപടി, അവർ നിഷ്കളങ്കരും നിരപരാധികളുമായി ജനിച്ചവരും സജ്ജനമായി വളരാൻ ഇടയുള്ളവരുമാണെന്നായിരുന്നു. സ്വന്തം പിതാക്കൾ എങ്ങനെയുള്ളവരായിരുന്നുവെന്നു ചിന്തിക്കാൻ അദ്ദേഹം ശിഷ്യന്മാരെ ഉപദേശിക്കുകയും ചെയ്തു.

മനുഷ്യന് അല്ലാഹു അരുളിയ ശുദ്ധ പ്രകൃതിയാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത് എന്നും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. ഏകദൈവവിശ്വാസത്തോടും തദനുസാരമായ കർമ-ധാർമിക മൂല്യങ്ങളോടും ഏറ്റം ഇണങ്ങുന്ന പ്രകൃതിയാണ് മനുഷ്യന്റേത്. താൻ സ്വയം ഉണ്ടായതല്ല, മറ്റൊരു മഹാശക്തിയാൽ ഉണ്ടാക്കപ്പെട്ടവനും അവനു വിധേയമായി നിലനിൽക്കുന്നവനുമാണെന്നുള്ള ബോധം, സത്യവും ധർമവും കൊള്ളേണ്ടതും അസത്യവും അധർമവും തള്ളേണ്ടതുമാണെന്ന വിചാരം, സൗന്ദര്യത്തോടുള്ള ആഭിമുഖ്യം, അസുന്ദരമായതിനോടുള്ള വൈമുഖ്യം ഇതൊക്കെ മനുഷ്യപ്രകൃതിയിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള നൈസർഗിക ഗുണങ്ങളാണ്. ഇതേക്കുറിച്ചാണ് അല്ലാഹു فِطْرَتَ اللَّهِ الَّتِي فَطَرَ النَّاسَ عَلَيْهَا (അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിട്ടുള്ള പ്രകൃതി-30:30) എന്നു പറഞ്ഞത്. മറ്റൊരിടത്ത് ഈ ആശയം ഇങ്ങനെയും അവതരിപ്പിച്ചിരിക്കുന്നു:

فَأَلْهَمَهَا فُجُورَهَا وَتَقْوَاهَا ﴿٨﴾ قَدْ أَفْلَحَ مَن زَكَّاهَا ﴿٩﴾ وَقَدْ خَابَ مَن دَسَّاهَا ﴿١٠﴾

(ആത്മാവിന് അവൻ ധർമാധർമബോധം നൽകി. ആത്മാവിനെ സംസ്കരിച്ചവൻ തീർച്ചയായും വിജയിച്ചു. അതിനെ മലിനമാക്കിയവൻ തീർച്ചയായും പരാജയപ്പെട്ടു -91: 8-10).

മനുഷ്യനിൽ നിദ്രിതമായ ഈ ബോധത്തെ തട്ടിയുണർത്താനാണ് പ്രവാചകന്മാരും വേദങ്ങളും വന്നത്. അതുവഴി ഉണരാൻ കൂട്ടാക്കാത്തവർ പരലോകത്ത് വെച്ച് ഉണരാൻ നിർബന്ധിതരാകും. ആ ഉണർവ് പക്ഷേ, അവർക്ക് പ്രയോജനപ്പെടുകയില്ല. കാലാവധി കഴിഞ്ഞശേഷം കരാറിനെക്കുറിച്ചോർക്കുന്നതു പോലെയാണത്. "ഉയിർത്തെഴുന്നേൽപുനാളിൽ 'ഞങ്ങൾ ഇതേക്കുറിച്ചജ്ഞരായിരുന്നു' എന്നു പറയാതിരിക്കാൻ'' - أَن تَقُولُوا يَوْمَ الْقِيَامَةِ إِنَّا كُنَّا عَنْ هَٰذَا غَافِلِينَ - എന്ന വാക്യത്തിൽനിന്ന് ധ്വനിക്കുന്നതിതാണ്: ഏകദൈവത്വത്തെയും ധർമാധർമങ്ങളെയും സംബന്ധിച്ച നൈസർഗിക ബോധത്തെ മുഖ്യ ആധാരമാക്കിയായിരിക്കും പാരത്രിക രക്ഷാശിക്ഷകൾ. പ്രവാചകന്മാരുടെ പ്രബോധനം എത്തിയോ ഇല്ലേ എന്ന ചോദ്യം രണ്ടാമതായിട്ടേ വരുന്നുള്ളൂ. ഏതെങ്കിലും പ്രവാചകന്റെ പ്രബോധനം ലഭിച്ചിട്ടുണ്ടെങ്കിൽ അതവർക്കെതിരായ അധിക ന്യായമായിത്തീരുകയും അവരുടെ ഉത്തരവാദിത്വം ദിഗുണീഭവിപ്പിക്കുകയും ചെയ്യുന്നു. പ്രവാചകന്റെ പ്രബോധനമൊന്നും ലഭിച്ചിട്ടില്ലെങ്കിൽ ഈ നൈസർഗിക ബോധത്തിന്റെ മുമ്പിൽ അധർമികളുടെ ന്യായീകരണങ്ങളെല്ലാം വ്യർഥമാകുന്നു. ആദിയിൽ അല്ലാഹുവിനോടു ചെയ്ത ഉടമ്പടിയുടെ സ്മരണ തന്നെ അവന്റെ ശിക്ഷാർഹതയെ സ്ഥിരീകരിക്കുന്നു. അത്രയും മൂർത്തിമത്തായിട്ടായിരിക്കും ആദി കരാറ് അവന്റെ മുന്നിൽതെളിയുക.

**173:** ബഹുദൈവാരാധനയും അനാചാരങ്ങളും ഞങ്ങളായിട്ട് ആവിഷ്കരിച്ചതല്ല. ഞങ്ങളുടെ പൂർവികരുടെ കാലത്ത് നിലനിന്നുവന്നതാണ്. അത് തെറ്റാണെങ്കിൽ ഞങ്ങളല്ല അതിനുത്തരവാദികൾ, മറിച്ച് പൂർവികരാണ്. ശിക്ഷിക്കേണ്ടത് അവരെയാണ്. ഈ ന്യായവും പരലോകത്ത് ഒട്ടും വിലപ്പോവുകയില്ല. കാരണം ഏകദൈവത്വസമ്മതം മനുഷ്യപ്രകൃതിയിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. അനിഷേധ്യമായ ഈ ആന്തരിക സാക്ഷ്യത്തിനെതിരെ ബാഹ്യ സ്വാധീനത്തിന്റെ ന്യായം അല്ലാഹുവിങ്കൽ ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവന്റെ കണ്ണുകൾ അന്ന് എല്ലാ മറകളും നീങ്ങിയ സത്യം കാണുന്നു: فَبَصَرُكَ الْيَوْمَ حَدِيدٌ (അന്നു നിന്റെ കണ്ണ് തീക്ഷ്ണമാകുന്നു -50:22). നേരിട്ടനുഭവിക്കുന്ന കാഴ്ചയെ മറ്റുള്ളവരുടെ വാക്കുകേട്ട് അന്ധതയെന്നു സാക്ഷ്യപ്പെടുത്തിയാൽ എവിടെയാണ് അംഗീകരിക്കപ്പെടുക?! ■